**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2227 **09.03.2018** - ലെ മറുപടിക്ക്

## <u>പട്ടികവിഭാഗത്തിൽപ്പെട്ടുന്നവർക്കായി വായ്പ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് സംസ്ഥാന സർക്കാർ 2017-18 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന തുകയെത്രയെന്നും ഇതിന് ആനുപാതികമായി കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട തുകയെത്രയെന്നും അറിയിക്കുമോ; | (എ) | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് സംസ്ഥാന സർക്കാർ 2017-18 വർഷത്തെ ബഡ്ജറ്റിൽ SCSP ഇനത്തിൽ 25.00 കോടി രൂപയും TSP ഇനത്തിൽ 25.50 ലക്ഷം രൂപയും ആണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിന് ആനുപാതികമായി കേന്ദ്രത്തിൽ നിന്നും SCSP ഇനത്തിൽ 24.02 കോടി രൂപയും TSP ഇനത്തിൽ 24.50 ലക്ഷം രൂപയും ലഭിക്കേണ്ടതാണ്. |
| (ബി) | ഇതിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും അനുവദിച്ച തുക എത്ര വീതമാണ്; | (ബി) | ഇതിൽ SCSP ഇനത്തിൽ 7.72 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ share capital പരിധി ഉയർത്തിയശേഷം മാത്രമേ ബാക്കി തുക അനുവദിക്കാനാവൂ. ഈ പരിധി കൂട്ടുന്നതിനുള്ള തീരുമാനം എടുക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതാണ്. എന്നാൽ നാളിതുവരെ കേന്ദ്രസഹായം ഒന്നുംതന്നെ ലഭിച്ചിട്ടില്ല. |
| (സി) | കേന്ദ്ര വിഹിതത്തിൽ കുറവുണ്ടായെങ്കിൽ കാരണം വിശദമാക്കുമോ; | (സി) | കോർപ്പറേഷന്റെ നിലവിലെ അംഗീകൃത മൂലധനം 150 കോടിയിൽ നിന്നും വർദ്ധിപ്പിക്കേണ്ടതുണ്ട് എന്നുള്ളതാണ് കേന്ദ്ര വിഹിതം ലഭിയ്ക്കാതിരിക്കാനുള്ള കാരണം. അംഗീകൃത മൂലധനം വർദ്ധിപ്പിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇപ്പോൾ സ്ഥാപനത്തിന്റെ അംഗീകൃത മൂലധനവും അടച്ച തീർന്ന മൂലധനവും തുല്യ മായതിനാൽ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ട്; ഇത് ചെയ്യാത്തതിനാലാണ് കേന്ദ്ര ഫണ്ട് നഷ്ടപ്പെടുന്നത് എന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (ഡി) | അംഗീകൃത മൂലധനം 200 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനായി നിശ്ചിത സമയത്തിനകം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ